**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011–2014)

**മൂന്നാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)യുടെ പതിനാലാമത് റിപ്പോർട്ടിലെ
(മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

(2012 ഡിസംബർ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2011–2014)

**മൂന്നാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008–2011)യുടെ പതിനാലാമത് റിപ്പോർട്ടിലെ
(മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ]

2365/2012.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III | : ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും, സമിതിയുടെ പുതിയ നിർദ്ദേശങ്ങളും. | .. | 14 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

,, എം. എ. ബേബി ,,

,, എ. കെ. ബാലൻ ,,

,, ഡൊമിനിക് പ്രസന്റേഷൻ ,,

,, ഇ. പി. ജയരാജൻ ,,

,, സി. മോയിൻകുട്ടി ,,

,, കെ. മുരളീധരൻ ,,

,, കെ. രാജു ,,

,, എ. കെ. ശശീന്ദ്രൻ ,,

,, സി. എഫ്. തോമസ് ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 ഡിസംബർ മാസം 13-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.

# റിപ്പോർട്ട്

## അദ്ധ്യായം 1

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11) പതിനാലാമത് റിപ്പോർട്ട് (മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 22-3-2010-ൽ നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 36 ശുപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

2. ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 2-1-2011-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. ഖണ്ഡിക 17, 18, 19, 20, 21, 22, 23, 24, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 43, 44, 47, 48, 49, 50, 51, 53 എന്നീ 31 ശുപാർശകൾക്ക് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച മറുപടികൾ 20-9-2012-ൽ ചേർന്ന സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ബന്ധപ്പെട്ട ശുപാർശകളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിലും, അനന്തര നടപടികൾ ആവശ്യമുള്ളവ/ഇനിയും മറുപടി ലഭിക്കാനുള്ളവ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്).

### ശുപാർശ 1 (ഖണ്ഡിക 17)

ഇ-പേയ്മെന്റ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, വെബ് എനേബിൾഡ് സർവ്വീസ് തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനും നിയമങ്ങളിലും ചട്ടങ്ങളിലും വരുന്ന മാറ്റങ്ങൾ യഥാസമയം ഉൾക്കൊള്ളിക്കുന്നതിനും വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

വകുപ്പിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച പരിശീലനം നൽകുന്നതിനായി C-DAC (Centre for Development of Advanced Computing) എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തെ സമീപിക്കുകയും അവർ ഓരോ കാറ്റഗറിയിൽപ്പെട്ട ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു ട്രെയിനിംഗ് സെന്റർ സജ്ജമാക്കിക്കൊണ്ട് പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്.

ശുപാർശ 2 (ഖണ്ഡിക 18)

പൊതു ഗതാഗത സൗകര്യങ്ങൾക്ക് കാര്യക്ഷമവും കുറ്റമറ്റ രീതിയിലുമുള്ള പ്രവർത്തനം ഉറപ്പുവരുത്തി സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിത വർദ്ധന നിയന്ത്രിക്കാൻ അതാത് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

സ്വകാര്യ വാഹനങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ നിയമ നിർമ്മാണം നടത്തുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ മാത്രം നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ നിയമപ്രകാരം നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്.

ശുപാർശ 3 (ഖണ്ഡിക 19)

ടാക്സ് നേരിട്ട് ബാങ്കിൽ അടയ്ക്കുന്നതിനോ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനോ സൗകര്യമുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പൂർത്തിയായി വരുന്നു. തുടക്കത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളിലൂടെ ടി സംവിധാനം നടപ്പിലാക്കുകയും ക്രമേണ മറ്റു ബാങ്കുകളിലേയ്ക്കും കൂടി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

ശുപാർശ 4 (ഖണ്ഡിക 20)

വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വാഹന ഉടമയുടെ ഫോട്ടോ കൂടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തണമെന്നും വാഹന കൈമാറ്റത്തിൽ വിൽക്കുന്നയാളും വാങ്ങുന്നയാളും രജിസ്ട്രേഷന് ഹാജരാകണം എന്നുമുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരണം.

സർക്കാർ നൽകിയ മറുപടി

സ്മാർട്ട് മൂവ് വഴി നൽകുന്ന ആർ.സി. ബുക്കുകളിൽ വാഹന ഉടമസ്ഥന്റെ ഫോട്ടോ പതിക്കുന്നത് സംബന്ധിച്ച് സോഫ്റ്റ് വെയറിന് രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് എൻ.ഐ.സി.യുമായി ചർച്ച നടത്തുകയും നിലവിലുള്ള സാഹചര്യത്തിൽ ആർ.സി. ബുക്കിൽ ഫോട്ടോ ഉൾക്കൊള്ളിക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഉള്ളതായി എൻ.ഐ.സി. അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഡാറ്റാ ബേസിൽ ഫോട്ടോ ശേഖരിക്കുന്നതിനായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി.ക്ക് നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ നടന്നുവരികയാണ്. വാഹനങ്ങളുടെ ഉടമസ്ഥാവകാശം കൈമാറുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്താനുള്ള അധികാരം കേന്ദ്രഗവൺമെന്റിനാണ്. എന്നിരുന്നാലും വാഹനം വിൽക്കുന്ന വ്യക്തിയേയും വാഹനം വാങ്ങുന്ന വ്യക്തിയേയും ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടു പേർക്കും ബാദ്ധ്യത

ഉണ്ടാകത്തക്ക വിധത്തിൽ ചട്ടങ്ങളിൽ പരിഷ്കരണം വരുത്തണമെന്നുള്ള കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന കാര്യം പരിശോധിക്കുന്നതാണ്.

ശുപാർശ 5 (ഖണ്ഡിക 21)

ടൂറിസ്റ്റ് ടാക്സികൾക്ക് ഓതറൈസേഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നതായും അതിന് കാരണം പെർമിറ്റിനുള്ള അപേക്ഷ പരിഗണിക്കേണ്ട മൂന്നംഗ എസ്.ടി.എ. ബോർഡിൽ ഒരംഗം അവധിയായതിനാൽ തീരുമാനമെടുക്കാൻ കഴിയാതെ വരുന്നതാണെന്നും മനസ്സിലാക്കുന്ന സമിതി തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാകാത്ത അംഗത്തിന് അംഗത്വം നഷ്ടമാകുന്ന രീതിയിൽ ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് ശുപാർശ ചെയ്യുന്നു. അങ്ങനെ വരുന്ന അവസരത്തിൽ അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ സർക്കുലേറ്റ് ചെയ്ത് തീർപ്പാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

സർക്കാർ നൽകിയ മറുപടി

എസ്.ടി.എ. അനൗദ്യോഗിക അംഗമായിരുന്ന ശ്രീ. എം. എ. പൗലോസ് രാജിവച്ച സാഹചര്യമാണ് പരാമർശിച്ചിരിക്കുന്നത്. ശ്രീ. എം.റ്റി. കുര്യനെ അനൗദ്യോഗിക അംഗമായി സർക്കാർ നിയമിച്ചതിനെ തുടർന്ന് പ്രശ്നം പരിഹരിക്കപ്പെട്ടു. നിലവിൽ 1-2-2011വരെ ലഭിച്ച എല്ലാ അപേക്ഷകളിന്മേലും എസ്.ടി.എ. തീരുമാനം എടുത്തു കഴിഞ്ഞിട്ടുണ്ട്.

ശുപാർശ 6 (ഖണ്ഡിക 22)

കാലപ്പഴക്കം ചെന്ന എല്ലാത്തരം വാഹനങ്ങളെയും രജിസ്റ്റർ ചെയ്ത വർഷം കണക്കാക്കി തരംതിരിച്ച് മാറ്റി നിശ്ചിത കാലാവധി കഴിഞ്ഞ വാഹനങ്ങൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് സർട്ടിഫൈ ചെയ്താൽ മാത്രമേ നിരത്തിലിറക്കാവൂ എന്ന നിബന്ധന ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി, കാലപ്പഴക്കം തുടങ്ങിയ കാര്യങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്. പൊതു വാഹനങ്ങൾ എല്ലാ വർഷവും ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കാനുള്ള നിയമം ഇപ്പോൾ തന്നെ നിലവിലുണ്ട്. സ്വകാര്യ വാഹനങ്ങൾ 15 കൊല്ലം കഴിയുന്ന മുറയ്ക്ക് ഓരോ വർഷത്തേക്ക് റോഡിൽ ഓടിക്കുന്നതിനുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും പരിശോധന നടത്തിയതിനുശേഷം ഇപ്പോൾ നൽകുന്നുണ്ട്.

ശുപാർശ 7 (ഖണ്ഡിക 23)

റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റോഡിൽ ട്രാഫിക് നിയന്ത്രിക്കുന്നതിനും നിയമലംഘകർക്കെതിരെ നടപടിയെടുക്കുന്നതിനും മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി വളരെയധികം നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളിൽ ചെക്കിംഗ് ആവശ്യത്തിലേക്കായി ഇന്റർസെപ്റ്ററുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയ്ക്കു പുറമെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കൊണ്ട് കമ്പൈൻഡ് ചെക്കിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കാറുണ്ട്. എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 12-12-2011-ലെ ജി. ഒ. (എംഎസ്.)70/2011/ഗതാ. ഉത്തരവ് പ്രകാരം 56 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 31 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശുപാർശ 8 (ഖണ്ഡിക 24)

റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് സ്പീഡ് കൺട്രോൾ സംവിധാനവും റഡാർ സംവിധാനവും നടപ്പിൽ വരുത്തി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് 10 കൈ റഡാറുകൾ വാങ്ങുകയും അവ വിവിധ ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിനു കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ റഡാർ സർവ്വലൻസ് സംവിധാനം നടപ്പാക്കുന്നതിനായി ടി പദ്ധതിയുടെ നടത്തിപ്പുകാരായ കേരളാ സ്റ്റേറ്റ് ഐ.ടി. മിഷന് പദ്ധതി തുക കൈമാറിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് സ്പീഡ് ക്യാമറകൾ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉപകരണങ്ങൾ ഉടൻ വാങ്ങുകയും വിവിധ ഓഫീസുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ ഓട്ടോമേഷൻ മുഖാന്തിരവും എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നുണ്ട്.

ശുപാർശ 9 (ഖണ്ഡിക 26)

റോഡപകടങ്ങൾ സംബന്ധിച്ച സി.ഡി. ദൃശ്യങ്ങൾ കലാലയങ്ങളിലും സ്കൂളുകളിലും പ്രദർശിപ്പിക്കണമെന്നും ഇത്തരം ബോധവൽക്കരണ പരിപാടികളിൽ രക്ഷാകർത്താക്കളെ കൂടി പങ്കെടുപ്പിക്കണമെന്നും പ്രൈമറി ക്ലാസ്സ് മുതൽ സ്കൂൾ സിലബസ്സിൽ ട്രാഫിക് ചട്ടങ്ങൾ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

റോഡ് നിയമങ്ങളെക്കുറിച്ചും റോഡപകടങ്ങൾ തടയുന്നതിനെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക എന്ന ഉദ്ദേശത്തോടുകൂടി സ്കൂൾ തലത്തിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപം നൽകിയിട്ടുണ്ട്. ഇത്തരം ക്ലബ്ബുകൾ വഴി റോഡ് സുരക്ഷയെപ്പറ്റി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാറുണ്ട്.

<u>ശുപാർശ 10 (ഖണ്ഡിക 27)</u>

ട്രാഫിക് നിയമങ്ങൾ കർശനമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗതാഗത നിയമ ലംഘനങ്ങളുടെയും റോഡപകടങ്ങളുടെയും എണ്ണം വർദ്ധിച്ചു വരുന്നത് മനസ്സിലാക്കിക്കൊണ്ട് 2-3-2010 തീയതിയിലെ ജി. ഒ.(പി) നമ്പർ 14/2010/ ട്രാൻ പ്രകാരം മോട്ടോർ വാഹന നിയമ പ്രകാരമുള്ള കുറ്റങ്ങൾക്ക് ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് വർദ്ധിപ്പിക്കുകയുണ്ടായി. വർദ്ധിച്ച് വരുന്ന റോഡ് അപകടങ്ങൾ കണക്കിലെടുത്ത് കർശനവും കുറ്റമറ്റതുമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനം തടയുക എന്ന ലക്ഷ്യത്തോടെ എൻഫോഴ്സ്മെന്റ് വിംഗ് പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രധാന ജംഗ്ഷനുകളിലും ദേശീയപാതകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകൊണ്ട് പോലീസ് വകുപ്പ് ട്രാഫിക് നിയമം കൃത്യമായി പാലിക്കുന്നതിനുള്ള നിരീക്ഷണം നടത്തി വരുന്നുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>ശുപാർശ 11 (ഖണ്ഡിക 28)</u>

തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന വിധത്തിലുള്ള ഗുരുതരമായ കുറ്റങ്ങൾക്ക് ലൈസൻസും പെർമിറ്റും റദ്ദ് ചെയ്യുന്ന വിധം ശിക്ഷാ നടപടികൾ കർശനമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന വിധത്തിലുള്ള ഗുരുതരമായ കുറ്റങ്ങൾക്ക് ലൈസൻസും പെർമിറ്റും റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനായി സർക്കുലർ നമ്പർ 21/2008 പ്രകാരം ഗതാഗത കമ്മീഷണർ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ 12 (ഖണ്ഡിക 29)</u>

ലൈസൻസ് നേടുന്ന ആൾക്ക് റോഡ് നിയമം അറിയാമെന്ന് ഉറപ്പ് വരുത്തുകയും നിയമം ലംഘിച്ചാൽ ലൈസൻസിൽ അത് രേഖപ്പെടുത്തുകയും ലൈസൻസ് പുതുക്കുന്ന രീതി കാലോചിതമായി പരിഷ്കരിക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

നിയമലംഘനം നടത്തുന്നവരുടെ ലൈസൻസിൽ ആയത് രേഖപ്പെടുത്തുന്നതിനായി ലൈസൻസ് പഞ്ചിംഗ്, പോയിന്റ് സിസ്റ്റം തുടങ്ങിയ നൂതന രീതികൾ കൊണ്ട് വരുന്നതിനുള്ള ശ്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം മോട്ടോർ ഗതാഗത നിയമപ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്.

ശുപാർശ 13 (ഖണ്ഡിക 30)

എല്ലാ ജില്ലകളിലും ഓരോ ഡ്രൈവർ ടെസ്റ്റിംഗ് യാർഡ് നിർമ്മിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2008-09 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ ഒരു കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ 2010-11 സാമ്പത്തിക വർഷം കണ്ണൂരിലെ ഇളവായൂർ വില്ലേജിൽ മറ്റൊരു സമാന കേന്ദ്രം സ്ഥാപിക്കുന്നതിനും കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രങ്ങളുടെ ചുവടു പിടിച്ച് വരും വർഷങ്ങളിൽ എല്ലാ ജില്ലകളിലും ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ കേന്ദ്രങ്ങൾക്കായി ഇപ്പോൾ വാഹന വകുപ്പിൽ സ്ഥലങ്ങൾ ലഭ്യമല്ല. സ്ഥലം ലഭ്യമാകുന്നതോടെ കൂടുതൽ ടെസ്റ്റിംഗ് യാർഡിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുന്നതാണ്.

ശുപാർശ 14 (ഖണ്ഡിക 31)

ചേവായൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വാഹന പരിശോധന കേന്ദ്രത്തിന്റെയും കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി എടപ്പാളിൽ നിർമ്മിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിന്റെയും പണി കാലതാമസം കൂടാതെ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാകേന്ദ്രം സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂരിലെ കേന്ദ്രം സ്ഥാപിക്കുന്നതിനായി മൊത്തം 160 ലക്ഷം രൂപാ ചെലവിൽ M/s. കെൽട്രോണിനെ സമ്പൂർണ്ണ സേവന ദാതാവായി തെരഞ്ഞെടുത്തിട്ടുണ്ട്.

6-6-2010-ന് ബഹു. ഗതാഗത മന്ത്രി എടപ്പാളിലെ ഡ്രൈവർ പരിശീലന ഗവേഷണ കേന്ദ്രത്തിനുള്ള തറക്കല്ലിടുകയുണ്ടായി. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും അവരുമായി ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MOU) ഒപ്പിടുകയും അതിൻ പ്രകാരം അവർ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ 16 (ഖണ്ഡിക 33)

സ്റ്റേറ്റ് ഹൈവേകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഡിവൈഡറുകൾ, റിഫ്ളക്ടറുകൾ, ജംഗ്ഷൻ ഇംപ്രൂവ്മെന്റുകൾ, സൈൻ ബോർഡുകൾ തുടങ്ങിയ നിയമപരമായ കാര്യങ്ങളെല്ലാം സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

പ്രസ്തുത കാര്യങ്ങൾ നിറവേറ്റാനായി പൊതുമരാമത്ത് വകുപ്പിന് 6.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ 17 (ഖണ്ഡിക 34)</u>

വ്യാപാര സ്ഥാപനങ്ങൾക്ക് പാർക്കിംഗ് സ്ഥലം ഉറപ്പുവരുത്തുകയും റോഡിലെ പാർക്കിംഗ് കർശനമായി നിരോധിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനധികൃത വാഹന പാർക്കിംഗ് നടത്തുന്നവർക്കെതിരെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 14, 15, 16, 17 പ്രകാരം നടപടി എടുക്കുവാൻ എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും സൂപ്രണ്ട് ഓഫ് പോലീസുമാർക്കും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശുപാർശ 18 (ഖണ്ഡിക 35)</u>

ബസ്സുകളുടെ സമയക്രമത്തിന് കൃത്യമായ മാനദണ്ഡം ഏർപ്പെടുത്തി ബസ്സുകൾ പുറപ്പെടുന്ന സമയത്തിന് പരമാവധി ഗ്യാപ് നൽകണമെന്നും വാഹനങ്ങളിലെ ദൃശ്യ ശ്രവ്യ വിനോദോപാധികൾ കർശനമായി നിരോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ വാഹനങ്ങളിൽ അമിത ഭാരം കയറ്റുന്നത് തടയുന്നതിനും നിയന്ത്രിത വേഗതയിൽ മാത്രം വാഹനം ഓടിക്കുന്നതിനും നടപടിയുണ്ടാകണമെന്നും ഡ്രൈവർമാരുടെ ശ്രദ്ധ കേന്ദ്രീകരണവും യാത്രക്കാരുടെ സുരക്ഷിതത്വവും മുൻനിർത്തി ഡ്രൈവറുടെ ക്യാബിനിൽ മറ്റുള്ളവരുടെ പ്രവേശനം തടയുന്ന വിധം ക്യാബിൻ ഗ്രില്ലിട്ട് വേർതിരിക്കണമെന്നും ഡ്രൈവർമാരും കണ്ടക്ടർമാരും ഉൾപ്പെടെയുള്ള ജീവനക്കാർ ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്റ്റേജ് ക്യാരേജുകൾക്ക് നിലവിൽ നിയമവിധേയമായ സമയക്രമമാണ് അനുവദിച്ചുവരുന്നത്. ഏകീകൃത സമയക്രമം ഏർപ്പെടുത്തുന്ന കാര്യം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിഗണനയിലാണ്.

1989-ലെ കേരള മോട്ടോർ വാഹന ചട്ടം 289-ലൂടെ കോൺട്രാക്ട് ക്യാരേജുകൾ ഒഴികെയുള്ള പബ്ലിക് സർവ്വീസ് വാഹനങ്ങളിൽ ആഡിയോ-വീഡിയോ ഉപാധികൾ ഘടിപ്പിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി ടിപ്പർ വാഹനങ്ങളിലും, സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സർക്കാർ ഉത്തരവുകളിലൂടെ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 273 (1) (സി) പ്രകാരം ഡ്രൈവറുടെ ക്യാബിൻ പാസഞ്ചർ കമ്പാർട്ട്മെന്റിൽ നിന്നും മെറ്റൽ ഗ്രിൽ

ഉപയോഗിച്ച് വേർതിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന സമയത്തും ചെക്കിംഗ് സമയത്തും ഈ ചട്ടം പാലിക്കപ്പെടുന്നുണ്ട് എന്നുള്ള കാര്യം ഉറപ്പുവരുത്താറുണ്ട്. ഡ്രൈവർമാരും കണ്ടക്ടർമാരും ഉൾപ്പെടെയുള്ള ജീവനക്കാർ ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങൾ പരിശോധിക്കുന്ന സമയത്ത് ഇത് ഉറപ്പുവരുത്തുന്നുണ്ട്.

ശുപാർശ 19 (ഖണ്ഡിക 36)

സ്പീഡ് ഗവർണർ ഉപയോഗിക്കുന്നുണ്ടോ എന്ന് കൃത്യമായ പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ കേരളത്തിന്റെ നിരത്തുകളിലോടുന്ന ടിപ്പർ വാഹനങ്ങളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ട്. വാഹന പരിശോധന സമയത്തും വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്ന സമയത്തും വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവ പ്രവർത്തനസജ്ജമാണോ എന്നും ഉറപ്പുവരുത്താറുണ്ട്.

ശുപാർശ 20 (ഖണ്ഡിക 37)

എല്ലാ ജില്ലകളിലും ഇന്റർസെപ്റ്റർ ഘടിപ്പിച്ച വാഹനം അനുവദിക്കണമെന്നും വേഗത പരിശോധിക്കുന്നതിനായി അനുവദിച്ചിട്ടുള്ള റഡാറുകൾ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിലവിലുള്ള റഡാറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കുന്നതിന് നടപടി ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

നിലവിൽ വകുപ്പിന്റെ നാലു മേഖലാ ഡി.റ്റി.സി. ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾക്കായി ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷാ അതോറിറ്റി മോട്ടോർ വാഹന വകുപ്പിനും പോലീസ് വകുപ്പിനും വേണ്ടി 13 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിലെ ഉപയോഗശൂന്യമായ റഡാറുകൾ നന്നാക്കുന്നതിനായി അവ സപ്ലൈ ചെയ്ത സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയുണ്ടായി. ടി സ്ഥാപനം ആയതിനായുള്ള ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലാണ്. അനുമതി ലഭ്യമായ ഉടൻ ടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ 21 (ഖണ്ഡിക 38)

ബ്രെത്ത് അനലൈസർ ഉപയോഗിച്ചുള്ള പരിശോധന കോടതി അംഗീകരിക്കാത്ത സാഹചര്യത്തിൽ ആൽക്കോമീറ്റർ വ്യാപകമാക്കി ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് മോട്ടോർ വാഹന വകുപ്പ് 12 ആൽക്കോമീറ്ററുകൾ നടപ്പു സാമ്പത്തിക വർഷം വാങ്ങി വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ ആൽക്കോമീറ്ററുകൾ വാങ്ങുന്ന കാര്യം പരിഗണനയിലാണ്. മാത്രമല്ല, റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാനപ്രകാരം ആൽക്കോമീറ്ററുകൾ വാങ്ങുന്നതിന് കേരള പോലീസിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ 22 (ഖണ്ഡിക 39)

ഹെൽമറ്റ് ധരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണമെന്നും ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിച്ച് വാഹനം ഓടിക്കുന്നത് നിർബന്ധമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 125 വഴി സേഫ്റ്റി ബെൽറ്റും 1989-ലെ മോട്ടോർ വാഹന ചട്ടം 347 വഴി ഹെൽമറ്റും നിർബന്ധമാക്കിയിട്ടുണ്ട്. വാഹനങ്ങൾ പരിശോധിക്കുന്ന സമയത്ത് ഇത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നുണ്ട്. ഇത് കൂടാതെ ഇപ്പോൾ ഡ്രൈവിംഗ് ടെസ്റ്റിൽ പങ്കെടുക്കുന്ന സമയത്തും ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിച്ചിരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ ദൃശ്യ ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

ശുപാർശ 23 (ഖണ്ഡിക 40)

ഹെഡ് ലൈറ്റ് ഡിം ചെയ്യാത്ത വാഹനങ്ങൾ പിടികൂടണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

രാത്രികാലങ്ങളിൽ ഹെഡ് ലൈറ്റ് ഡിം ചെയ്യാത്ത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ വാഹന പരിശോധനയിൽ കണ്ടുപിടിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇത്തരം വിഷയങ്ങളിൽ ബോധവൽക്കരണം നടത്തൽ മാത്രമാണ് ഇതിന് പരിഹാരം. ആയതിനാൽ ബോധവൽക്കരണ പരിപാടികളിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ 24 (ഖണ്ഡിക 40)

നിയമം അനുശാസിക്കാത്ത തരത്തിലുള്ള ലൈറ്റുകൾ വാഹനങ്ങളിൽ ഘടിപ്പിക്കുന്നത് കർശനമായി നിരോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു. രാത്രികാലങ്ങളിൽ

ശ്രദ്ധയില്ലാതെ വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യുന്നത് നിരോധിക്കണമെന്നും കേടായ വാഹനങ്ങൾ വഴിയിൽ കിടക്കുമ്പോൾ ഹസാഡ് ലൈറ്റ് ഇട്ടിരിക്കണമെന്നത് നിർബന്ധമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

എതിരെ വരുന്ന ഡ്രൈവർമാർക്ക് പ്രയാസം സൃഷ്ടിക്കുന്നതും രാത്രികാലങ്ങളിൽ ശ്രദ്ധയില്ലാതെ വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യുന്നതും ഒഴിവാക്കാനും കേടായ വാഹനങ്ങൾ വഴിയിൽ കിടക്കുമ്പോൾ ഹസാഡ് ലൈറ്റ് ഇട്ടിരിക്കണമെന്നും ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ചെക്കിംഗ് സമയത്തും നിർദ്ദേശം നൽകാറുണ്ട്. നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായ തരത്തിലുള്ള ലൈറ്റുകൾ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശുപാർശ 25 (ഖണ്ഡിക 41)

ഇരുചക്ര വാഹനങ്ങളുടെയും ഓട്ടോറിക്ഷകളുടെയും ഇരുവശങ്ങളിലും (മുന്നിലും പിന്നിലും) ഫ്ളൂറസന്റ് പെയിന്റ് ഉപയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളിൽ റിട്രോ റിഫ്ളക്ടീവ് ടേപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. റിട്രോ റിഫ്ളക്ടീവ് ടേപ്പ് വാഹനങ്ങളിൽ ഉപയോഗിക്കുന്നത് രാത്രികാലങ്ങളിൽ മറ്റു വാഹനങ്ങൾക്കും റോഡ് ഉപയോക്താക്കൾക്കും സൗകര്യപ്രദമാണ്. വാഹനങ്ങളിൽ ഫ്ളൂറസന്റ് പെയിന്റിംഗ് ചെയ്യുന്ന അതേ ഫലം തന്നെ ഇത് കൊണ്ട് ലഭിക്കുന്നതാണ്.

ശുപാർശ 27 (ഖണ്ഡിക 43)

പ്രധാന റോഡിലേക്ക് പ്രവേശിക്കുന്ന എല്ലാ സൈഡ് റോഡുകളിലും വേഗത തടയുന്നതിന് റിഫ്ളക്ടറുകളോടു കൂടിയ ബംപുകൾ ഒഴിവാക്കി ഇൻഡ്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന വിധം മുന്നറിയിപ്പ് ബോർഡോടു കൂടിയ ശാസ്ത്രീയമായ ബംപുകൾ സ്ഥാപിക്കണമെന്നും വാഹനങ്ങൾ വശങ്ങളിലേക്ക് തിരിയുന്നതിന് 50 മീറ്റർ മുൻപായിട്ടെങ്കിലും വാഹനങ്ങളിൽ ഇൻഡിക്കേറ്റർ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഇതിനായി ഡ്രൈവർമാരെ ബോധവൽക്കരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

വാഹനങ്ങൾ വശങ്ങളിലേക്ക് തിരിയുന്നതിന് 50 മീറ്റർ മുൻപെങ്കിലും വാഹനങ്ങളിൽ ഇൻഡിക്കേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ഡ്രൈവർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശുപാർശ 28 (ഖണ്ഡിക 44)

ബസ് സ്റ്റോപ്പുകളിൽ ബസ്-ബേ നിർമ്മിക്കുന്നതിനും സ്റ്റോപ്പുകളിൽ നിന്നു മാത്രം യാത്രക്കാരെ ബസ്സിൽ കയറ്റുന്നതിനും നടപടിയുണ്ടാകണമെന്നും മഴക്കാലത്ത് മഞ്ഞ ലൈറ്റ് തെളിച്ച് വാഹനം ഓടിക്കുന്നതിനും കാതടപ്പിക്കുന്ന ഹോൺ നിരോധിക്കുന്നതിനും നടപടിയുണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

സ്റ്റോപ്പുകളിൽ നിന്ന് മാത്രം യാത്രക്കാരെ ബസ്സിൽ കയറ്റിയാൽ മതിയെന്ന് എല്ലാ ബസ്സുടമകൾക്കും ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലത്ത് മഞ്ഞ ലൈറ്റ് തെളിച്ച് വാഹനം ഓടിക്കുന്നതിന് ഡ്രൈവർമാർക്ക് നിർദ്ദേശം നൽകാറുണ്ട്. കാതടപ്പിക്കുന്ന ഹോണുകളുടെ ഉപയോഗം 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119-ലൂടെ നിരോധിച്ചിട്ടുണ്ട്. ഇത്തരം ഹോണുകളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ബസ്-ബേ നിർമ്മിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്.

ശുപാർശ 31 (ഖണ്ഡിക 47)

വ്യാപാരികളേയും ഓട്ടോ-ടാക്സി ഡ്രൈവർമാരേയും ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ പ്രാഥമിക ശുശ്രൂഷയിൽ പരിശീലനം നൽകുന്നതിന് ആരോഗ്യ വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

പരിശീലന പരിപാടി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ശുപാർശ 32 (ഖണ്ഡിക 48)

വാഹനാപകടം ശ്രദ്ധയിൽപ്പെടുന്നപക്ഷം അപകടത്തിൽപ്പെടുന്നവരെ എത്രയും വേഗം ആശുപത്രികളിലെത്തിക്കുന്നതിന് ഡ്രൈവർമാരെ ബാദ്ധ്യസ്ഥരാക്കത്തക്കവിധത്തിൽ നിയമ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ഒരു വാഹനം ഉൾപ്പെട്ട അപകടം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ജനരോഷമോ നിയന്ത്രണാതീതമായ സാഹചര്യമോമൂലം അപ്രായോഗികമല്ലെങ്കിൽ അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഡ്രൈവർ അപകടത്തിൽ പരിക്കേറ്റവരെ ഏറ്റവും അടുത്ത ആശുപത്രിയിൽ എത്തിക്കണമെന്ന് 1989-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 134 (എ) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

ശുപാർശ 33 (ഖണ്ഡിക 49)

റോഡപകടങ്ങൾ ഉൾപ്പെടെയുള്ള അത്യാഹിതങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ നൽകുന്നതിന് ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും ജീവനക്കാരും ഉൾപ്പെടുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം കേരള എമർജൻസി

മെഡിക്കൽ സർവ്വീസ് (കെംസ്) എന്ന പേരിൽ നടപ്പാക്കുന്നതിനും ദേശീയപാതകളുടെ സമീപത്തുള്ള ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പ് തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. ഈ സംവിധാനം അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ജില്ലാ ആശുപത്രികളിൽ ന്യൂറോ സർജൻമാരുടെ സേവനം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

ന്യൂറോ സർജൻമാരുടെ അഭാവം കാരണം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ന്യൂറോ സർജൻമാരുടെ സേവനം ഇപ്പോൾ ലഭ്യമാക്കുവാൻ കഴിയുന്നില്ല. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് സർവ്വീസ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. റോഡപകടങ്ങളിൽപ്പെട്ട് തലച്ചോറിന് ക്ഷതമേൽക്കുന്ന രോഗികൾക്ക് ഓപ്പറേഷൻ ചെയ്യുന്നതിനുള്ള സംവിധാനവും ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിലില്ല. എന്നാൽ, റോഡപകടങ്ങളിൽപ്പെടുന്നവരെ പ്രാഥമിക ശുശ്രൂഷ നൽകി സൗകര്യപ്രദമായ ആധുനിക സൗകര്യങ്ങളുള്ള മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റുന്നതിനുള്ള ട്രോമ സ്റ്റെബിലൈസേഷൻ യൂണിറ്റും ആംബുലൻസ് സർവ്വീസും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. റോഡപകടങ്ങളിൽപ്പെടുന്ന ധാരാളം ആൾക്കാരുടെ ജീവൻ രക്ഷിക്കാൻ ഈ സംവിധാനത്തിന് കഴിയുന്നതാണ്. ഈ സാമ്പത്തിക വർഷം കെംസ്-ന് വേണ്ടി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ 34 (ഖണ്ഡിക 50)</u>

കേസ്സുകളിൽപ്പെട്ട് കസ്റ്റഡിയിലെടുക്കപ്പെടുന്ന വാഹനങ്ങൾ രണ്ടോ മൂന്നോ മാസത്തിനകം ലേലം ചെയ്യണമെന്നും മൂന്നു മാസത്തിനകം തീർപ്പാകാത്ത കേസ്സുകളിൽ കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ പരസ്യമായി ലേലം ചെയ്ത് തുക ട്രഷറിയിൽ നിക്ഷേപിക്കുകയും കേസ് തീരുന്ന മുറയ്ക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുക ട്രഷറിയിലേക്ക് വകയിരുത്തുകയോ വാഹനമുടമയ്ക്ക് കൊടുക്കുകയോ ചെയ്യത്തക്ക വിധത്തിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

മോട്ടോർ വാഹന വകുപ്പ് ടാക്സ് അടയ്ക്കാത്തതും വിവിധ കുറ്റകൃത്യങ്ങൾക്ക് പിടിച്ചെടുക്കുന്നതുമായ വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിലാണ് സൂക്ഷിക്കാറുള്ളത്. മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവിംഗ് ടെസ്റ്റ്, വാഹന ഫിറ്റ്നസ് ടെസ്റ്റ് എന്നിവ നടത്തുന്നതിനും പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കുന്നതിനും സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ അനുയോജ്യമായ സ്ഥലം ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ജില്ലാ കളക്ടർമാരുടെ യോഗത്തിൽ അജണ്ട ഐറ്റമായി ഉൾപ്പെടുത്തിക്കൊണ്ട് അനന്തര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട യാതൊരു നിയമങ്ങളും ചട്ടങ്ങളും നിലവിലുള്ള മോട്ടോർ വാഹന നിയമത്തിലോ ചട്ടങ്ങളിലോ ഇല്ല. ഇത്തരത്തിൽ പിടിച്ചെടുത്ത വാഹനങ്ങൾ കാലതാമസം കൂടാതെ ലേലം ചെയ്ത് തീർപ്പുകൽപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള നിയമ നിർമ്മാണം കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലും ചട്ടത്തിലും വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ 35 (ഖണ്ഡിക 51)

അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന വാഹനങ്ങളുടെ രേഖകൾ ശരിയാണെന്ന് ചെക്ക് പോസ്റ്റുകളിൽ വച്ചു തന്നെ പരിശോധിച്ചുറപ്പു വരുത്തണമെന്നും മോഷണ വാഹനങ്ങൾ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് പോലീസ് വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വാഹനങ്ങളുടെ രേഖകൾ ശരിയാണെന്ന് ചെക്ക് പോസ്റ്റുകളിൽ വച്ചു തന്നെ പരിശോധിച്ചുറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എന്നിരുന്നാലും ചെക്ക് പോസ്റ്റിലൂടെ കടന്നു വരുന്ന വലുതും ചെറുതുമായ എല്ലാ വാഹനങ്ങളും നിർത്തി രേഖകൾ പരിശോധിക്കുവാനും അവയുടെ ഷാസി നമ്പർ, എഞ്ചിൻ നമ്പർ ഇവ കൃത്യമാണെന്ന് ഉറപ്പു വരുത്തുവാനും ഇപ്പോഴത്തെ അവസ്ഥയിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എല്ലാ വാഹനങ്ങളും നിർത്തി പരിശോധിക്കുവാൻ ആവശ്യമായ ഉദ്യോഗസ്ഥർ ചെക്ക് പോസ്റ്റിലില്ല. മാത്രമല്ല വാഹനങ്ങളെല്ലാം നിർത്തിയിട്ടാലുണ്ടാകുന്ന വലിയ തോതിലുള്ള ട്രാഫിക് കുരുക്ക് നീക്കുവാനുള്ള സജ്ജീകരണങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ആയതിനാൽ തന്നെ ചെക്ക് പോസ്റ്റ് വഴി കടന്നു വരുന്നതും കടന്നുപോകുന്നതുമായ എല്ലാ വാഹനങ്ങളും പരിശോധിച്ച് ഉറപ്പു വരുത്തുക എന്ന നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. ചെക്ക് പോസ്റ്റുകൾക്ക് അനുബന്ധമായി വാഹനങ്ങൾ നിർത്തിയിടാൻ യാർഡുകൾ ലഭ്യമായാൽ മാത്രമേ ഫലപ്രദമായ രീതിയിൽ പരിശോധന നടത്താൻ കഴിയുകയുള്ളൂ.

ശുപാർശ 36 (ഖണ്ഡിക 53)

വിദേശ രാജ്യങ്ങളിൽ നിലവിലുള്ള ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) കേരളത്തിലും ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം നിർബന്ധമാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്. അതിനായി നടപടികൾ എടുത്തുവരുന്നു. തുടക്കത്തിൽ സ്റ്റേജ് കാര്യേജ് വാഹനങ്ങളിൽ ഇവ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## അദ്ധ്യായം III

## ശുപാർശകളിന്മേൽ അനന്തര നടപടികൾ ആവശ്യമുള്ളവ

(സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിക്കാനുള്ളവ)

### ശുപാർശ 15 (ഖണ്ഡിക 32)

റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് മുൻഗണന നൽകി വർഷങ്ങളോളമായി ടാർ ചെയ്യാതെ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന റോഡുകൾ റോഡ് ടാക്സ് ഇനത്തിൽ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് കൃത്യമായി വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യണമെന്നും, ട്രാഫിക് ഡെൻസിറ്റി, വാഹനത്തിന്റെ ഭാരം എന്നിവ കണക്കാക്കി കാലാകാലങ്ങളിൽ റോഡ് ബലപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### ശുപാർശ 26 (ഖണ്ഡിക 42)

എല്ലാ റോഡുകളിലും പ്രത്യേകിച്ച് അപകട മേഖല എന്ന് കണ്ടെത്തുന്ന ഭാഗങ്ങളിൽ ദിശാസൂചനകളും മുന്നറിയിപ്പുകളും നൽകുന്ന ബോർഡുകളും വാഹനം ഓടിക്കാവുന്ന വേഗം സൂചിപ്പിക്കുന്ന ബോർഡുകളും വിദേശികൾ, അന്യ സംസ്ഥാന ടൂറിസ്റ്റുകൾ, തദ്ദേശീയരായ ടൂറിസ്റ്റുകൾ എന്നിവർക്ക് സ്ഥലം തിരിച്ചറിയുന്നതിനും യാത്രയ്ക്ക് സൗകര്യപ്രദമാകുന്ന തരത്തിൽ കവലകളിൽ ബോർഡുകൾ സ്ഥാപിക്കണമെന്നും അവ മറയ്ക്കത്തക്കവിധം റോഡുകളിൽ ചാഞ്ഞു കിടക്കുന്ന വൃക്ഷ ശിഖരങ്ങൾ, റോഡിലൂടെയുള്ള കാഴ്ച തടയുന്ന പരസ്യബോർഡുകൾ, ആർച്ചുകൾ എന്നിവ നിരോധിക്കണമെന്നും റോഡുകളിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യ ബോർഡുകളും നീക്കം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### ശുപാർശ 29 (ഖണ്ഡിക 45)

ദേശീയ പാതകളിൽ ഇരുദിശകളിൽ പോകുന്ന വാഹനങ്ങളെ വേർതിരിച്ച് ഇടഭിത്തി കെട്ടിയാൽ അപകടങ്ങൾ വളരെയേറെ കുറയ്ക്കാവുന്നതാണ്. തിരക്കേറിയ നഗരങ്ങളിൽ മേൽപ്പാലം നിർമ്മിച്ചും സമാന്തര റോഡു വഴി വാഹനങ്ങൾ തിരിച്ചു വിട്ടും ഗതാഗത തടസ്സം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ശുപാർശ 30 (ഖണ്ഡിക 46)

കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സഞ്ചരിക്കാനുള്ള ഭാഗം പ്രത്യേകം അടയാളപ്പെടുത്തിയിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ സിഗ്നൽ ലൈറ്റുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 19.